**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 391** **08-06-2021 - ൽ മറുപടിയ്ക്ക്**

**തുടങ്ങനാട്ടിൽ കിൻഫ്ര പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | തൊടുപുഴ മുട്ടം വില്ലേജിലെ തുടങ്ങനാട്ടിൽ കിൻഫ്ര ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (എ) | തൊടുപുഴയിലെ മുട്ടത്ത് സ്ഥാപിക്കുന്ന സ്പൈസസ് പാർക്ക് 15 ഏക്കർ (ഒന്നാംഘട്ടം) വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ചെറുകിട-ഇടത്തരം മന്ത്രാലയത്തിന്റെ ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തി 5.76 കോടി ധനസഹായത്തോട്ടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ മേഖലക്ക് ആവശ്യമായ പൊതു അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, മാലിന്യ സംസ്കരണ സംവിധാനം, Testing lab എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യവർദ്ധന ഉൽപ്പന്നങ്ങളാണ് ലക്ഷ്യമിടുന്നത്. പാർക്കിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇതിനോടകം എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ ? | (ബി) | ഇതിനോടകം 33 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 15 ഏക്കർ ഭൂമിയിൽ ഒന്നാംഘട്ടവികസനത്തിനുള്ള കർമ്മപരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. 18 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ